"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം-മെഡിക്കൽ കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 990/09 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2377/2024/LSGD തീയതി, തിരുവനന്തപുരം, 06-12-2024**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 990/2009 നമ്പർ കേസിന്മേലുള്ള 31/07/2013 തീയതിയിലെ വിധിന്യായം.
2. സ.ഉ. (അച്ചടി) നം. 32/2019ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10/07/2024 തീയതിയിലെ കെ1/19592/18 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 19/07/2024 തീയതിയിലെ എ3/1960/2015/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ സർവ്വെ നമ്പർ 457/7 (LA Sy No.457/29)-ൽപ്പെട്ടതും ശ്രീമതി. ലീല, ശ്രീ. സുരേന്ദ്രൻ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.58 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.990/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക ബന്ധപ്പെട്ട കക്ഷികൾക്ക് അടിയന്തരമായി അനുവദിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. എൽ.എ.ആർ 990/2009 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 1,19,580/- രൂപ (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) ആണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ സർവ്വെ നമ്പർ 457/7 (LA Sy No.457/29)-ൽപ്പെട്ടതും ശ്രീമതി. ലീല, ശ്രീ. സുരേന്ദ്രൻ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.58 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട

എൽ.എ.ആർ. 990/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,19,580/- രൂപ (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan - Charges' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീമതി ലീല (സോപാനം, ചെമ്പഴന്തി പി.ഒ., തിരുവനന്തപുരം) & ശ്രീ. സുരേന്ദ്രൻ (സോപാനം, ചെമ്പഴന്തി പി.ഒ., തിരുവനന്തപുരം) എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ശ്രീമതി ലീല, സോപാനം, ചെമ്പഴന്തി പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. സുരേന്ദ്രൻ, സോപാനം, ചെമ്പഴന്തി പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/250/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 06-12-2024 14:49:48
സെക്ഷൻ ഓഫീസർ